"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - PM-YASASVI Prematric Scholarship for OBC, EBC & DNT - 2023-24 പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രവിഹിതം ലഭ്യമായ തുകയുടെ ആനുപാതിക സംസ്ഥാന വിഹിതം അനുവദിക്കുന്നതിലേക്കായി 1,16,34,000/- രൂപ അധികധനാനുമതി അനുവദിച്ചിട്ടുള്ളത് ചെലവഴിക്കുന്നതിനുള്ള ഭരണാനുമതിയും SNA Account ലേക്ക് transfer ചെയ്യുന്നതിനുള്ള അനുമതിയും നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പിന്നാക്ക വിഭാഗ വികസന(എ)വകുപ്പ്**

സ.ഉ.(സാധാ) നം.31/2024/BCDD തീയതി,തിരുവനന്തപുരം, 30-03-2024

---

പരാമർശം:-
1. കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ 04.01.2024 ലെ BC-11013/3/2023-BC-I നം. കത്ത്.
2. 26.03.2022 ലെ സ.ഉ(പി)നം.38/2022/ധന നം.സർക്കാർ ഉത്തരവ്.
3. പിന്നാക്കവിഭാഗവികസനവകുപ്പ് ഡയറക്ടറുടെ 09.02.2024 ലെ BCDIR/371/2023/A3 നം. കത്ത്.
4. സ.ഉ(സാധാ) നം..3092/2024/ധന തീയതി 27.03.2024.

**ഉത്തരവ്**

സംസ്ഥാനത്തെ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി ഇ.ബി,സി വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 60% കേന്ദസർക്കാർ സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ മുഖേന നടപ്പിലാക്കുന്ന PM-YASASVI -Pre-metric Scholarship for OBC Prematric Scholarship പദ്ധതിയ്ക്ക് 2023-24 വർഷം കേന്ദ്ര വിഹിതമായ 12 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായ 8 കോടി രൂപയും ഉൾപ്പെടെ ആകെ 20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. OBC Prematric Scholarship 2023-24 വർഷം 60% കേന്ദ്രവിഹിതമായി 10,38,00,000/- രൂപ 04.01.2024 ന് റിലീസ് ചെയ്തിട്ടുണ്ട്. ആയതിന്റെ സംസ്ഥാന വിഹിതമായി ആകെ 6,92,00,000/- രൂപ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ സംസ്ഥാന വിഹിതം ലഭ്യമായ 8 കോടി രൂപയിൽ ഇതിനോടകം 2,24,34,000/- രൂപ ചെലവഴിച്ചിട്ടുള്ളതിനാൽ പ്രസ്തുത ശീർഷകത്തിൽ ആകെ 5,75,66,000/- രൂപ മാത്രമാണ് ശേഷിക്കുന്നതെന്നും പരാമർശം (3) പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) PM-YASASVI Prematric Scholarship for OBC, EBC & DNTപദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രവിഹിതം ലഭ്യമായ തുകയുടെ ആനുപാതിക സംസ്ഥാന വിഹിതം റിലീസ് ചെയ്യുന്നതിന് ആകെ 1,16,34,000/- രൂപ അധികമായി ആവശ്യമുണ്ടെന്ന് ഡയറക്ടർ പരാമർശം (3 )പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) PM-YASASVI Prematric Scholarship for OBC, EBC & DNT - 2023-24പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രവിഹിതമായി ലഭ്യമായ തുകയുടെ ആനുപാതിക സംസ്ഥാന വിഹിതമായ,116,34,000/- (ഒരു കോടി പതിനാറ് ലക്ഷത്തി മുപ്പത്തിനാലായിരം രൂപ മാത്രം) രൂപ

അധിക ധനാനുമതിയായി 2225-03-277-85-02-12 (പ്ലാൻ) എന്ന ബജറ്റ് ശീർഷകത്തിൽ അനുവദിച്ച് പരാമർശം (4) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്..

(4) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ തുക പിൻവലിച്ച് ബന്ധപ്പെട്ട SNA അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള അനുമതിയും, തുക ചെലവഴിച്ച് പദ്ധതി നടപ്പാക്കുന്നതിനായുള്ള ഭരണാനുമതിയും പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LATHA.S
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ,പിന്നാക്കവിഭാഗവികസനവകുപ്പ്,വെള്ളയമ്പലം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E/G&SSA) കേരള,തിരുവനന്തപുരം.
ധനകാര്യ(welfire wing) WW1/9/2024-Fin
Information Officer, I&PRD
സബ് ട്രഷറി ഓഫീസർ,സബ് ട്രഷറി, തിരുവനന്തപുരം.
കരുതൽ ഫയല്/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Padmasekhar P
Date: 30-03-2024 14:49:15
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.പിന്നാക്കവിഭാഗവികസനവകുപ്പ് മന്ത്രിയുടെ പി.എസ് ന്
പിന്നാക്കവിഭാഗവികസനവകുപ്പ് അഡീഷണല് ചീഫ് സെക്രട്ടറിയുടെ പി.എക്ക്.